**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം -. ജില്ലയിൽ സ്വരാജ് ട്രോഫി നേടുന്ന ഗ്രാമപഞ്ചായത്തിന്റെ അവാർഡ് കാലയളവിലെ സെക്രട്ടറിയ്ക്ക് ജില്ലാതലത്തിലും, സംസ്ഥാനതലത്തിൽ സ്വരാജ് ട്രോഫി നേടുന്ന ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിയ്ക്ക് സംസ്ഥാനതലത്തിലും അവാർഡ് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 1043/2013/തസ്വഭവ തീയതി, തിരുവനന്തപുരം 18/04/2013

================================================================================

പരാമർശം:- 1) സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. നസീം ഹരിപ്പാട് സമർപ്പിച്ച 01/03/2013-ലെ നിവേദനം.

2) പഞ്ചായത്ത് ഡയറക്ടറുടെ 05/04/2013-ലെ ജി2-10976/13 നമ്പർ കത്ത്.

**ഉത്തരവ്**

മികച്ച പ്രവർത്തനം പ്രോൽസാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന സ്വരാജ് ട്രോഫി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നേടുന്ന ഗ്രാമപഞ്ചായത്തിലെ അവാർഡ് കാലയളവിലെ സെക്രട്ടറിമാരെയും സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും അവാർഡ് നൽകി ആദരിക്കണമെന്ന് ആവശ്യപ്പെട്ട് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. നസീം ഹരിപ്പാട് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലയിൽ സ്വരാജ് ട്രോഫി നേടുന്ന ഗ്രാമപഞ്ചായത്തിന്റെ അവാർഡ് കാലയളവിലെ സെക്രട്ടറിയ്ക്ക് ജില്ലാതലത്തിലും, സംസ്ഥാനതലത്തിൽ സ്വരാജ് ട്രോഫി നേടുന്ന ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിയ്ക്ക് സംസ്ഥാന തലത്തിലും അവാർഡ് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ കൃപാനന്ദൻ,**

ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ഡയറക്ടർ, കില, തൃശൂർ.
3. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
6. ശ്രീ. നസീം ഹരിപ്പാട്, സംസ്ഥാന പ്രസിഡന്റ്, സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ.*

*പകർപ്പ്: ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.*

*Web & New Media, South Block, Govt. Secretariat, Tvpm.*

*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*